MR SPEAKER : Please put a separate Question.

ശ്രീ. യ. നിലംബൂർ : തിരുവനന്തപുരം ഡിസ്ട്രിക്ടിലെ കടലാക്രമണത്തെപ്പറ്റിയാണ് ചോദ്യം. അഞ്ചുതെങ്ങ് തിരുവനന്തപുരം ഡിസ്ട്രിക്ടിലാണ്.

ശ്രീ. കെ. ഐ. വേലായുധൻ : അവിടെ ഏറ്റവും ചെറിയതോതിൽ കടലാക്രമണം ഉണ്ടായതായി അറിയാം.

ശ്രീ. ഒ. സി. ജോർജ് : കടലാക്രമണം തടയുന്നതിന് ഉള്ള നടപടി പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് മുഴുവൻ അനുവദിച്ചുകൊടുക്കുകയാണോ അതോ ഗവണ്മെന്റ് നേരിട്ട് നടത്തുകയാണോ?

ശ്രീ. കെ. ഐ. വേലായുധൻ : കോൺട്രാക്ടറെ ഏൽപ്പിക്കുകയാണ്.

ശ്രീ. ഒ. സി. ജോർജ് : പള്ളുരുത്തി മുനമ്പം തുടങ്ങിയ സ്ഥലങ്ങളിൽ ഈ പ്രവൃത്തി നടത്തുന്നതിനുവേണ്ടി പണം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ഒപ്പിട്ടതും ഒപ്പിടാത്തതുമായി മുന്നു പ്രപ്പോസൽസ് കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

സ്റ്റോറേജ് ടാങ്ക്സ്റ്റേർട്ട്.

* 319. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പെട്രോളിയത്തുറകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഇക്കഴിഞ്ഞ നാലു മാസക്കാലത്ത് നിടയിൽ സ്റ്റോറേജ് ടാങ്ക്സ്റ്റേർട്ട സപ്ലൈസ് ലൈനിൽ ഉണ്ടായിട്ടുള്ള ബ്രേക്കേജുകൾ എത്രയെന്ന പറയുവാൻ മയുണ്ടാകുമോ?

പെട്രോളിയത്തുറകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : ഇക്കഴിഞ്ഞ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി 1619 ബ്രേക്കേജുകൾ ഉണ്ടായിട്ടുണ്ട്. സെപ്റ്റംബർമാസത്തെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ : അധികം പഴക്കംചെല്ലാത്ത ബസ്സുകളിൽ അണ് കൂടുതൽ ബ്രേക്കേജുകൾ വന്നിട്ടുള്ളതെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ : കേടായതിനു ബ്രേക്കേജുകൾ വാരം അഥവാ ചുതായി അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

പോസ്റ്റുമോർട്ടം ലാക്കുണ്ടായി.

* 320. [10] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 45-ൽ പരം ദിവസങ്ങളായി പുനലൂർ പോസ്റ്റുമോർട്ടം ചെയ്ത മനുഷ്യമൻറിന്റെ മേൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു;

LIBRARY ARCHIVES Kerala Legislative Assembly